LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവിൽപ്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. കോൾഡ് സ്റ്റോറേജ് സൗകര്യങ്ങളോടെ ആധുനിക രീതിയിലുള്ള മത്സ്യവിപണന ശാലകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക് എന്ന പദ്ധതി സാഫ് മുഖാന്തരം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി ചിൽ റൂം സംവിധാനത്തോടുകൂടിയ ആധുനിക ശുചിത്വപൂർണ്ണ മത്സ്യമാർക്കറ്റുകൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിച്ചുവരുന്നു. കൊല്ലം അഴീക്കൽ തുറമുഖത്ത് 280 ലക്ഷം രൂപ ചെലവിൽ 30 ടൺ പ്രതിദിന ശേഷിയുള്ള ഐസ് പ്ലാന്റ് കം കോൾഡ് സ്റ്റോറേജ് പദ്ധതി നടപ്പാക്കി. ചില്ലറ വിൽപ്പനകൾക്കായി ഫിഷറീസ് വകുപ്പ് മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടില്ല. എന്നാൽ ഓൺലൈൻ മത്സ്യവ്യാപാരത്തിന് മത്സ്യഫെഡിന്റെ മൊബൈൽ ആപ്പ് സഹായകരമാണ്.

മത്സ്യബന്ധന ബോട്ടുകൾക്ക് ഇന്ധന സബ്സിഡി

9 (*188) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകൾക്ക് ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ, സി.എൻ.ജി., എൽ.എൻ.ജി. തുടങ്ങിയ ഇന്ധനങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുവാൻ മുൻകയ്യെടുക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

സി.എൻ.ജി., എൽ.എൻ.ജി. ഇന്ധനം ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിൽ നിലവിൽ ഉപയോഗിച്ചുവരുന്നില്ല. ഡീസൽ ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രവത്കൃത

LIBRARY ARCHIVES Kerala Legislative Assembly

യാനങ്ങൾക്ക് കേന്ദ്രസർക്കാർ സഹായത്താൽ ഡീസൽ സബ്സിഡി അനുവദിച്ചിരുന്നെങ്കിലും തുടർന്ന് കേന്ദ്രസർക്കാർ സബ്സിഡി ബി.പി.എൽ. വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയതിനാൽ കേരളത്തിലെ യാന ഉടമകൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നില്ല.

(ബി) മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ എന്നിവയ്ക്ക് ഈടാക്കുന്ന റോഡ് സെസ് ഒഴിവാക്കുവാനും ഉല്പാദന ച്ചെലവിനനുസൃതമായി മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ നൽകുവാനും സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുവാനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

റോഡ് സെസ് ഒഴിവാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണയിലില്ല. കുറഞ്ഞ നിരക്കിൽ ആവശ്യത്തിന് മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്ര പെട്രോളിയം മന്ത്രിയുമായി ചർച്ച നടത്തുകയും മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. അതനുസരിച്ച് 2018 മുതൽ ഫിഷറീസ് ആവശ്യങ്ങൾക്ക് ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കുള്ള Non subsidized PDS മണ്ണെണ്ണ സംസ്ഥാനത്ത് കൂടുതലായി ലഭ്യമാകുന്നുണ്ട്. സിവിൽ സപ്ലൈസ് മുഖേനയാണ് ടി മണ്ണെണ്ണ വിതരണം ചെയ്യുവരുന്നത്. എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ലിറ്ററിന് 45 രൂപ നിരക്കിലാണ് നിലവിൽ നോൺ സബ്സിഡി പി.ഡി.എസ് മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നത്. 10 hp വരെ 129 ലിറ്റർ 10-ന് മുകളിൽ 15 hp വരെ 136 ലിറ്റർ 15 hp-യ്ക്ക് മുകളിൽ 180 ലിറ്റർ കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ ആവശ്യാനുസരണം മത്സ്യഫെഡ് മുഖേന മണ്ണെണ്ണ ലഭ്യമാക്കുന്നതിനായി അംഗീകൃത മണ്ണെണ്ണ മൊത്ത വിതരണക്കാരുമായും ഓയിൽ കമ്പനികളുമായും ചർച്ച നടത്തിവരുന്നു.

(സി) മത്സ്യബന്ധന ബോട്ടുകൾക്ക് സംസ്ഥാന സർക്കാർ മണ്ണെണ്ണ സബ്സിഡി നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ മത്സ്യഫെഡ് മുഖേന നൽകി വരുന്നുണ്ട്. സബ്സിഡി തുക ഡി. ബി. ടി ആയി ഗുണഭോക്താവിന് നൽകി വരുന്നു. 10 hp വരെ 140 ലിറ്റർ 10-ന് മുകളിൽ 15 hp വരെ 150 ലിറ്റർ 15 hp-യ്ക്ക് മുകളിൽ 190 ലിറ്റർ 2021-22 വർഷ ബഡ്ജറ്റിൽ 56.25 കോടി രൂപ മണ്ണെണ്ണ സബ്സിഡിക്കായി വകയിരുത്തിയിട്ടുണ്ട്.